"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി **2025-26** –"അങ്ങാടി കേരള ആപ്" പദ്ധതി നടപ്പിലാക്കുന്നതിന് അനുവദിച്ച ധനസഹായം റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**11/2026/Co-Op** തീയതി,തിരുവനന്തപുരം, **09-01-2026**

---

പരാമർശം:- 1. സ.ഉ.(സാധാ)നം.**448/2025**/സഹ തീയതി **24/10/2025**

2. സർക്കുലർ നം.**35/2024**/ധന തീയതി **12/06/2024**

**<u>ഉത്തരവ്</u>**

"**Coop- Kerala** ബ്രാൻഡഡ് ഉൽപ്പന്നങ്ങളുടെ വിവരങ്ങൾ, വിലകൾ, വിൽപ്പന കേന്ദ്രങ്ങൾ എന്നിവയുടെ പ്രസിദ്ധീകരണം ഏകീകരിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്തു കൊണ്ട് സഹകരണ മേഖലയിലെ ഉല്പ്പാദകരെയും, ഉപഭോക്താക്കളെയും ബന്ധിപ്പിക്കുകയും വിപണി സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ വികസിപ്പിക്കുന്ന ഓൺലൈൻ മൊബൈൽ ആപ്ലിക്കേഷനായ "അങ്ങാടി കേരള ആപ്" പദ്ധതി നടപ്പിലാക്കുന്നതിനായി ,സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതി പ്രകാരം **2425-108-25 -** സബ്സിഡി ശീർഷകത്തിൽ നിന്നും **10** ലക്ഷം രൂപ ധനസഹായം (പത്ത് ലക്ഷം രൂപ മാത്രം) **2025-26** സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം **(1)** പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

**2.** മേൽ ധനസഹായം റിലീസ് ചെയ്യുന്ന വിഷയം വിശദമായി പരിശോധിച്ചു. ഓൺലൈൻ മൊബൈൽ ആപ്ലിക്കേഷനായ "അങ്ങാടി കേരള ആപ്" പദ്ധതി നടപ്പിലാക്കുന്നതിനായി, സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതി പ്രകാരം **2425-108-25 -** സബ്സിഡി ശീർഷകത്തിൽ നിന്നും 5ലക്ഷം രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) **2025-**

26 സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (2) ലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും മേൽ തുക 2025-26 സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/194/2025/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/206/2025)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 09-01-2026 11:00:40

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.